## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - *587      10.7.2012 ന് മറുപടിയ്ക്ക്

### മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ<br>ശ്രീ.എം.എ.ബേബി<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.എ.പ്രദീപ് കുമാർ | | ശ്രീ .കെ.സി.ജോസഫ്<br>ബഹു.ഗ്രാമവികസനവും<br>ആസൂത്രണവും സാംസ്കാരികകാര്യവും<br>വകുപ്പ് മന്ത്രി | |
| എ) | മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി നൽകേണ്ടതില്ലെന്ന കേന്ദ്ര സാഹിത്യ അക്കാദമിയുടെ ഭാഷാ സമിതിയുടെ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനു മുമ്പ് എന്തെങ്കിലും ഇടപെടൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കാമോ? | ബി) | മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി നൽകുന്നത് സംബന്ധിച്ച സംസ്ഥാന ഗവൺമെന്റിന്റെ വാദഗതികൾ അവതരിപ്പിക്കാൻ വീണ്ടും അവസരം നൽകണമെന്ന് ബഹു.മുഖ്യമന്ത്രി കേന്ദ്ര സാംസ്കാരിക മന്ത്രിയോടാവശ്യപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രി ചെയർമാനായ ഉപദേശകസമിതി 29/6/12 ന് അടിയന്തിര യോഗം കൂടുകയും മലയാള ഭാഷയ്ക്ക് 2000 വർഷത്തെ പഴക്കമുണ്ടെന്ന വാദഗതികൾ അംഗീകരിച്ചുകൊണ്ട് ശ്രേഷ്ഠ ഭാഷാ പദവി നൽകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് വീണ്ടും അഭ്യർത്ഥിക്കുവാനും തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ മുഖ്യ മന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സംഘം 2012 ജൂലൈ 3 ന് പ്രധാനമന്ത്രിയെ കണ്ട് കേരളത്തിന്റെ ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഈ കാര്യം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ